# ചിറ്റൂർ-തത്തമംഗലം പാലക്കാട്



## സവിശേഷതകൾ

- പൊതു – വികേന്ദ്രീകൃത സംവിധാനങ്ങൾ സംയോജിപ്പിച്ചുകൊണ്ടുള്ള മാലിന്യ പരിപാലന പ്രവർത്തനങ്ങൾ
- പൊതു ജൈവമാലിന്യ സംസ്കരണ പ്ലാന്റിൽ വിൻഡ്രോ കമ്പോസ്റ്റിംഗ് രീതി ചാണകമുപയോഗിച്ച് രാസവസ്തുക്കളൊന്നും തന്നെ ഉപയോഗിക്കാതെ കമ്പോസ്റ്റാക്കി മാറ്റുന്നു
- പൊതു സംസ്കരണ പ്ലാന്റിനോട് ചേർന്ന് ജൈവകൃഷിത്തോട്ടം
- കമ്പോസ്റ്റ് കാർഷിക സഹകരണ സൊസൈറ്റിക്ക് വിൽക്കുന്നു

## ജൈവമാലിന്യ സംസ്കരണം

- ഹെൽത്ത് ഇൻസ്പെക്ടർമാരുടേയും 4 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടേയും നേതൃത്വത്തിൽ 22 ശുചീകരണ തൊഴിലാളികൾ നഗരമാലിന്യങ്ങൾ ശേഖരിക്കുന്നു.
- മാർക്കറ്റുകൾ, ഹോട്ടലുകൾ, വീടുകൾ എന്നിവിടങ്ങളിൽ നിന്നായി ഏകദേശം 7 മെട്രിക് ടൺ ഖരമാലിന്യങ്ങൾ പ്രതിദിനം ഉൽപാദിപ്പിക്കപ്പെടുന്നു എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.
- മാലിന്യ സംസ്കരണം ഊർജ്ജിതവും ശാസ്ത്രീയവുമാക്കുന്നതിന്റെ ഭാഗമായി 3 ടൺ ശേഷിയുള്ള ഒരു ഖരമാലിന്യ സംസ്കരണ പ്ലാന്റ് തത്തമംഗലത്ത് 2014 ജനുവരി 4 ന് കമ്മീഷൻ ചെയ്തു.
- ഐ.ആർ.ടി.സി യുടെ സാങ്കേതിക സഹായത്തോടെ 1.5 ടൺ മാലിന്യം ദിവസവും സംസ്കരിക്കുന്നു. തരംതിരിച്ച മാലിന്യമാണ് പ്ലാന്റിൽ എത്തുന്നത്.
- വിൻഡ്രോ കമ്പോസ്റ്റിംഗ് രീതി ഉപയോഗിച്ച് ഒരു മാസം 1500 കിലോ വളം ഉൽപാദിപ്പിക്കുന്നു. ഒരു കിലോഗ്രാമിന് 10 രൂപ നിരക്കിൽ വളം സഹകരണ സൊസൈറ്റിയ്ക്ക് വിൽക്കുന്നു.
- മാലിന്യ സംസ്കരണവും വളനിർമ്മാണവും കുടുംബശ്രീ പ്രവർത്തകരാണ് നിർവ്വഹിക്കുന്നത്.
- പ്ലാന്റിനെ ഹരിതാഭമാക്കാൻ മനോഹരമായ ഒരു ജൈവകൃഷിത്തോട്ടവും നിർമ്മിച്ചിട്ടുണ്ട്.
- പ്ലാന്റിനു പുറമേ തുമ്പൂർമുഴി കമ്പോസ്റ്റിംഗ് സംവിധാനവും നഗരസഭ ആരംഭിച്ചിട്ടുണ്ട്.
- കൂടാതെ ഉറവിട മാലിന്യ സംസ്കരണത്തിനായി വീടുകളിൽ 1000 ബക്കറ്റ് കമ്പോസ്റ്റിംഗ് യൂണിറ്റ്, 100 റിംഗ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവയും നൽകിയിട്ടുണ്ട്.

# അജൈവ മാലിന്യ സംസ്കരണം

- വീടുകളിൽ നിന്നും മുൻകൂട്ടി നിശ്ചയിച്ച സമയപട്ടിക അനുസരിച്ച് കൃത്യമായ ഇടവേളകളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നു.
- ഒരു എം.ആർ.എഫ് സെന്റർ പ്രവർത്തനം ആരംഭിച്ചു.
- നിലവിൽ പ്ലാസ്റ്റിക് മാലിന്യങ്ങളും ഇ-മാലിന്യങ്ങളും സ്വകാര്യ ഏജൻസിയ്ക്ക് കൈമാറുന്നു. അജൈവ മാലിന്യം ശേഖരിക്കാൻ ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.
- 2013 ജനുവരി 23 ന് നഗരസഭയിൽ പ്ലാസ്റ്റിക് ക്യാരിബാഗുകളും, പ്ലാസ്റ്റിക് ഗ്ലാസുകളും പ്രമേയത്തിലൂടെ നിരോധിച്ചു.
- വ്യാപാരി വ്യവസായികളുടെ ഭാഗത്തു നിന്നു നല്ല സഹകരണവും നഗരസഭയ്ക്ക് ലഭിക്കുന്നുണ്ട്.
- 2 മാസം കൂടുമ്പോൾ സ്വാപ്ഷോപ്പും സംഘടിപ്പിക്കുന്നു. ജനങ്ങളിൽ നിന്ന് നല്ല പ്രതികരണമാണ് സ്വാപ്ഷോപ്പുകളിൽ ലഭിക്കുന്നത്






Prepared by Premjith P, IEC Expert